**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1397 02.03.2017 - ലെ മറുപടിയ്ക്ക്

**ഭവന നിർമ്മാണ ബോർഡിന്റെ ലോൺ കുടിശ്ശിക**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.കെ. വിജയൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡിന്റെ ലോൺ കുടിശ്ശികയായവർക്ക് എന്തൊക്കെ ആശ്വാസ പദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ; | (എ) കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ സർക്കാർ അംഗീകാരത്തോടു കൂടി 07/02/2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി വരുന്നു. അതനുസരിച്ച് എല്ലാ വായ്പാ വിഭാഗക്കാർക്കും പിഴപ്പലിശ പൂർണ്ണമായും, താഴ്ന്ന/ഇടത്തരം വരുമാന വിഭാഗക്കാർക്ക് മുടക്കപ്പലിശയുടെ 70% വും ഉയർന്ന വരുമാന വിഭാഗക്കാർക്ക് മുടക്കപ്പലിശയുടെ 50% വും ഇളവാണ് അനുവദിച്ചുവരുന്നത്.<br>വിവിധ വിഭാഗം കുടിശ്ശികക്കാർക്ക് ഒ.റ്റി.എസ്. വഴി നൽകിവരുന്ന ഇളവുകൾ താഴെപ്പറയുന്നവയാണ് |

| വായ്പാ പദ്ധതി | മുടക്കപ്പലിശ | പിഴപ്പലിശ |
|---|---|---|
| EWS | 100.00% | 100.00% |
| LIG | 70.00% | 100.00% |
| MIG | 70.00% | 100.00% |
| HIG | 50.00% | 100.00% |

2004 മുതൽ നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30/06/2017 - വരെ ദീർഘിപ്പിച്ച് കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി കുടിശ്ശികക്കാർക്ക് വായ്പാ കണക്ക് തീർപ്പാക്കാവുന്നതാണ്.

(ബി) കോഴിക്കോട് ജില്ലയിൽ ബോർഡിന് കുടിശ്ശികയിനത്തിൽ എത്ര രൂപ ലഭിക്കാനുണ്ട് ?

(ബി) കോഴിക്കോട് ജില്ലയിൽ 28/02/2017-ലെ കണക്ക് പ്രകാരം കുടിശ്ശികയിനത്തിൽ ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുകയെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

| വായ്പാ പദ്ധതി | ഫയലുകളുടെ എണ്ണം | മൊത്തം കുടിശ്ശിക | ഒ.റ്റി.എസ് ഇളവ് | ഇളവ് കുറച്ച് 28.02.17 നുള്ള കുടിശ്ശിക |
|---|---|---|---|---|
| LIG | 202 | 4,04,68,222 | 2,58,67,127 | 1,46,01,095 |
| MIG | 160 | 14,16,80,717 | 7,15,92,957 | 7,00,87,760 |
| HIG | 37 | 6,76,15,088 | 2,67,73,468 | 4,08,41,620 |
| Total | 399 | 24,97,64,027 | 12,42,33,552 | 12,55,30,475 |

സെക്ഷൻ ഓഫീസർ